പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1022 11/07/2011-ലെ മറുപടിക്ക്.

## കെട്ടിട നിർമ്മാണ തൊഴിലാളികൾ

ചോദ്യം
ശ്രീ. ഹൈബി ഈഡൻ ;

മറുപടി
ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

(എ) തൊഴിലാളികൾ കെട്ടിട നിർമ്മാണത്തിനിടയിൽ അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവിക്കാൻ സാധ്യമല്ലാതാവുകയോ, മരണപ്പെടുകയോ ചെയ്താൽ കുടുംബസഹായം ലഭ്യമാക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുമോ;

(എ) ഉണ്ട്. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അംഗത്വമുള്ള തൊഴിലാളികൾ പണിസ്ഥലത്ത് തൊഴിൽ ചെയ്തുകൊണ്ടിരിക്കുമ്പോഴുണ്ടാകുന്ന അപകടത്തെ തുടർന്ന് മരിക്കുകയാണെങ്കിൽ ടിയാന്റെ അവകാശികൾക്ക് രണ്ട് ലക്ഷം രൂപ വ്യവസ്ഥകൾക്കു വിധേയമായി അപകടമരണ ധനസഹായമായി അനുവദിക്കുന്നു. അപകടത്തെ തുടർന്ന് താൽക്കാലികമോ, സ്ഥിരമോ ആയ അവശത മെഡിക്കൽ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവശതയുടെ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 20,000/- രൂപ വരെ അപകട ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ സ്ഥായിയായ അവശത നേരിടുന്നവർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 300/- രൂപ നിരക്കിൽ ക്വാർട്ടേർലിയായി അവശതാ ധനസഹായവും അനുവദിക്കുന്നു. കൂടാതെ കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്കും ഇപ്രകാരമുള്ള വ്യവസ്ഥകൾ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനിടയിൽ അപകടം സംഭവിച്ചാൽ എംപ്ലോയീസ് കോമ്പൻസേഷൻ (ഭേദഗതി) നിയമപ്രകാരം നഷ്ടപരിഹാര തുക ലഭിക്കാനും തൊഴിലാളിക്കോ ആശ്രിതർക്കോ അർഹതയുണ്ട്.

(ബി) അപകടത്തിൽപ്പെടുന്നവരെ ചികിത്സിക്കുന്നതിന് തൊഴിൽ ഉടമകളെ ബാധ്യസ്ഥരാക്കുന്നതരത്തിൽ നിയമ നിർമ്മാണം നടത്തുമോ;

(ബി) 2009-ലെ എംപ്ലോയീസ് കോമ്പൻസേഷൻ (ഭേദഗതി) നിയമത്തിൽ ജോലിക്കിടയിൽ അപകടത്തിൽപ്പെടുന്നവർക്ക് ചികിത്സയ്ക്ക് വേണ്ടി ചിലവാകുന്ന തുക തൊഴിലുടമ നൽകാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(സി) കേരളത്തിലെത്തുന്ന അന്യ സംസ്ഥാന തൊഴിലാളികളിൽ ക്രിമിനൽ പശ്ചാത്തലമുള്ളവരെ തിരിച്ചറിയാനും കുറ്റകൃത്യങ്ങളിലേർപ്പെടുന്നവരെ പിടികൂടാനും ഉതകുന്ന സംവിധാനം തൊഴിൽ വകുപ്പിൽ നിലവിൽ ഉണ്ടോ ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള സംവിധാനം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

(സി) ഇല്ല.

സെക്ഷൻ ഓഫീസർ